പതിമൂന്നാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ 1328

20.01.2014 ൽ മറുപടിക്ക്

**റേഷൻ വിഹിതത്തിലെ കുറവ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ കെ. സുരേഷ് കുറുപ്പ്; | | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പു മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരമേറ്റ ശേഷം റേഷൻ വിഹിതത്തിൽ എത്ര തവണ കുറവ് വരുത്തി യെന്ന് വ്യക്തമാക്കുമോ; | (എ)<br>(ബി) | എ.എ.വൈ, ബി.പി.എൽ. വിഹിതത്തിൽ കുറവുവരുത്തിയിട്ടില്ല. എ.പി.എൽ. കാർഡുടമകൾക്ക് 2013 മാർച്ച് വരെ 10 കിലോഗ്രാം അരി നല്കിക്കൊണ്ടിരുന്നത് 2013 ഏപ്രിൽ മുതൽ 2013 നവംബർ മാസം വരെയുള്ള 8 മാസങ്ങളിൽ 9 കിലോഗ്രാമായി പരിമിതപ്പെടുത്തേണ്ടി വന്നിട്ടുണ്ട്. മണ്ണെണ്ണ വിഹിതം 2013 മാർച്ച് വരെ 15960 കിലോ ലിറ്റർ ആയിരുന്നത് 2013 ഏപ്രിൽ മുതൽ 10020 ആയി കേന്ദ്ര സർക്കാർ കുറവ് വരുത്തി. ഇതേ തുടർന്ന് വൈദ്യുതീകരിച്ച വീടുകൾക്ക് 1/2 ലിറ്റർ മുതൽ 1 ലിറ്റർ വരെയും വൈദ്യുതീകരിക്കാത്ത വീടുകൾക്ക് 4 ലിറ്റർ മണ്ണെണ്ണയും നല്കുന്നു. 2013 നവംബർ മാസം മുതൽ എ.പി.എൽ കാർഡുടമകൾക്ക് ഗോതമ്പ് വിതരണം നടത്തുന്നില്ല, പകരം 2 കിലോ ആട്ട വിതരണം നടത്തുന്നുണ്ട്. സംസ്ഥാനത്തിന് പ്രതിമാസം അനുവദിച്ചിട്ടുള്ള ആകെ വിഹിതം 139748 മെ.ടണ്ണാണെങ്കിലും ആകെ പ്രതിമാസ വിട്ടെടുപ്പ്വിഹിതം 122724 മെ. ടണ്ണിൽ കൂടുവാൻ പാടില്ലായെന്ന് കേന്ദ്രസർക്കാർ നിബന്ധന ഏർപ്പെടുത്തിയതിനാൽ എ.പി.എൽ ഗോതമ്പ് വിഹിതം വിട്ടെടുക്കുന്നതിൽ കുറവു വരുത്തേണ്ടി വന്നു. |
| (ബി) | ഏതെല്ലാം ഇനങ്ങളിൽ എത്ര അളവിലാണ് കുറവ് വരുത്തിയതെന്ന് വ്യക്തമാക്കുമോ; | | |

(സി) നിലവിൽ സംസ്ഥാനത്തിന് അനുവദിക്കപ്പെട്ട റേഷൻ വസ്തുക്കളുടെ അളവ് എത്രയെന്ന് വെളിപ്പെടുത്തുമോ ; ഇനം തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ?

(സി)

| ഇനം | അനുവദിച്ചത് (MT) |
|---|---|
| APL RICE | 36056 |
| APL ADHOC RICE | 15458 |
| APL WHEAT | 11777 |
| APL ADHOC WHEAT | 5049 |
| BPL RICE | 26566 |
| BPL ADHOC RICE | 12140 |
| BPL WHEAT | 6963 |
| BPL ADHOC WHEAT | 4884 |
| AAY RICE | 20855 |
| TOTAL | 139748 |

പഞ്ചസാര - 4103 മെ.ടൺ
മണ്ണെണ്ണ - 10020 കിലോ ലിറ്റർ

സെക്ഷൻ ഓഫീസർ